12524
26/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - പത്തനംതിട്ട ജില്ലയിൽ ജനസേവ 2015 പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.575/2015/സാനീവ തിരുവനന്തപുരം, തീയതി, 15.09.2015

---

പരാമർശം : (1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 19.08.2015 ലെ F1-29819/15 നമ്പർ കത്ത്.
(2) 20.08.2015 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**ഉത്തരവ്**

സർക്കാർ നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുമായി സാമൂഹ്യനീതി വകുപ്പ്, പത്തനംതിട്ട ജില്ലാഭരണകൂടം, എം.ജി യൂണിവേഴ്സിറ്റി, എൻ.എസ്.എസ് യൂണിറ്റ് എന്നിവരുടെ സഹകരണത്തോടുകൂടി വിവിധ കോളേജുകളിലെ എൻ.എസ്.എസ് വോളണ്ടിയർമാരെ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതിയാണ് ജനസേവ 2015. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 3,11,000/- രൂപ അനുവദിക്കണമെന്ന പ്രൊപ്പോസൽ പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ ജനസേവ 2015 പദ്ധതി പത്തനംതിട്ട ജില്ലയിൽ നടപ്പാക്കുന്നതിന്, പ്രസ്തുത പദ്ധതി ഡോക്യുമെന്റ് ചെയ്ത് സർക്കാരിന് റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥയിൽ ഭരണാനുമതി നൽകിയും ആയതിലേയ്ക്കാവശ്യമായ 3,11,000/- രൂപ (മൂന്ന് ലക്ഷത്തി പതിനൊന്നായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-93 (P) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ & ഇ) കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ